# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2344 19/7/2016-ലെ മറുപടിയ്ക്ക്

**<u>ഹോർട്ടികോർപ്പ്</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ.എം.രാജഗോപാലൻ | ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷിവകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പച്ചക്കറി വില വർദ്ധന തടയുന്നതിന്റെ ഭാഗമായി കർഷകരിൽ നിന്നും കാർഷികോത്പ്പാദന കേന്ദ്രങ്ങളിൽ നിന്നും പരമാവധി പച്ചക്കറികൾ ഹോർട്ടികോർപ്പ് നേരിട്ട് സംഭരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇതിന്റെ ഫലമായി പച്ചക്കറി വിലവർദ്ധന എത്രമാത്രം പിടിച്ചു നിർത്തുവാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) പഴം പച്ചക്കറികളുടെ വില ക്രമാതീതമായി ഉയർന്ന അവസരത്തിൽ ഈ സർക്കാർ പൊതു വിപണിയുടെ വിലയെക്കാൾ 30% വിലക്കുറവിൽ പഴം പച്ചക്കറികൾ വിപണനം നടത്തി വരുന്നു. ഇതിന്റെ ഫലമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പച്ചക്കറി വില കുറഞ്ഞിട്ടുണ്ട്. |
| സി) ഹോർട്ടികോർപ്പ് ഔട്ട് ലെറ്റുകളിൽ എത്ര ഇനങ്ങൾക്കാണ് സർക്കാർ സബ്സിഡി പ്രഖ്യാപിച്ചതെന്നും പൊതു വിപണിയെക്കാൾ എത്ര ശതമാനം വിലക്കുറവിലാണ് പ്രസ്തുത ഔട്ട് ലെറ്റുകൾ വഴി പച്ചക്കറി ഉത്പന്നങ്ങൾ വിറ്റതെന്നും സബ്സിഡി കാലാവധി എന്നു വരെയായിരുന്നുവെന്നും ഇത് ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ? | സി) വർദ്ധിച്ചു വരുന്ന പഴം പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 06.06. 2016 മുതൽ 05.07.2016 വരെ വെണ്ട, പയർ, പാവയ്ക്ക, പടവലം, ചെറിയ മുളക്, കാരറ്റ്, വെള്ളരി, തക്കാളി, കാബേജ്, ചേന മരിച്ചീനി, സവാള, ഉള്ളി ,ഉരുളക്കിഴങ്ങ് ഏത്തൻ എന്നീ 16 ഇനം പച്ചക്കറികൾക്ക് കമ്പോള വിലയേക്കാൾ 30% വില കുറച്ച് ഹോർട്ടികോർപ്പ് സ്റ്റാളുകളിലൂടെയും ലൈസൻസി സ്റ്റാളുകളിലൂടെയും മൊബൈൽ വിപണന യൂണിറ്റുകളിലൂടെയും വിപണനം നടത്തിയിട്ടുണ്ട്. പച്ചക്കറി വില ക്രമാതീതമായി ഉയരുന്ന സാഹചര്യങ്ങളിൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ